പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 344

# 2010-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിഒന്നാം സംവത്സരത്തിൽ ഇനിപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 26-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 26-ാം വകുപ്പിൽ നിലവിലുള്ള വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്,—

"(2) 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ എന്തു തന്നെ അടങ്ങിയിരുന്നാലും പ്രസ്തുത പദ്ധതിയുടെ എല്ലാവിധ ആസ്തി ബാദ്ധ്യതകളും ഈ ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് കൈമാറേണ്ടതാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് 1985 ജനുവരി 1-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 3/85/ധന. ഉത്തരവുപ്രകാരം നിലവിലുണ്ടായിരുന്ന 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ ചേർന്നിട്ടുള്ള എല്ലാ വക്കീൽ ഗുമസ്തൻമാരും വാർഷിക വരി സംഖ്യ 1985-മുതൽ "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-106-അദർ ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-01-അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്കീം" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ചുവന്നിട്ടുള്ളതും വക്കീൽ ഗുമസ്തൻമാർ അടയ്ക്കുന്ന

തുകയ്ക്ക് ആനുപാതികമായി സർക്കാർ വിഹിതവും ഈ ഫണ്ടിലേക്ക് അടച്ചിട്ടുള്ളതും ആണ്. എന്നാൽ 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ്, 26-ാം വകുപ്പുപ്രകാരം പ്രസ്തുത ആക്റ്റിന്റെ പ്രാരംഭ തീയതിയിലും തുടർന്നും നിലവിലുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്കായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ കൈകാര്യം ചെയ്തിരുന്ന കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയിൽ നാളിതുവരെ അടച്ചിട്ടുള്ള എല്ലാ തുകകളും, ഗുമസ്തൻമാർ അടച്ചിട്ടുള്ള ക്ഷേമനിധി വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്ക് കൈമാറുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർക്ക് നൽകണമെന്ന് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ആവശ്യപ്പെട്ടു.

പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്ക് കൈമാറുന്നതിന് വേണ്ട വ്യവസ്ഥകൾ 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ കൊണ്ടുവരുന്നതിന് തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എം. വിജയകുമാർ



## 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽനിന്നുള്ള പ്രസക്ത ഭഗങ്ങൾ

(2003-ലെ 27)

** ** ** **

26. നിലവിലുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും.—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും തുടർന്നും നിലവിലുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതിയുടെ നിയന്ത്രണവും മേൽനോട്ടവും കമ്മിറ്റിക്കായിരിക്കുന്നതാണ്.

** ** ** **